**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **12-06-2024 - ൽ മറുപടിയ്ക്ക്**

**നദികളിലെയും ഡാമുകളിലെയും എക്കലും മണലും നീക്കം ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയങ്ങളുടെ ഫലമായി ഡാമുകളിലും നദികളിലും എക്കലും മണ്ണും അടിഞ്ഞ് നദികളിലെ ജലവാഹകശേഷിയും ഡാമുകളുടെ ജലസംഭരണ ശേഷിയും കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളായും, ഈ അടുത്ത വർഷങ്ങളിലെ പ്രളയാനന്തരവും ജലസ്രോതസ്സുകളുടെ അടിത്തട്ടിലും, കരകളിലും, എക്കൽ , മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് കൂടി ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും പുഴയിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുകയും പുഴയുടെ വാഹകശേഷിയെ ബാധിക്കുകയും അതുവഴി വെള്ളപ്പൊക്ക ഭീഷണി സൃഷ്ടിക്കുന്നു.<br><br>ഇത് കണക്കിലെടുത്ത്, കേരളത്തിലെ നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞു കൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട്. നദികളിലെയും കൈ വഴികളിലെയും ഒഴുക്ക് പുന:സ്ഥാപിക്കുകവഴി ഭാവിയിലെ വെള്ളപ്പൊക്ക സാധ്യത ഒരു പരിധിവരെ ലഘൂകരിക്കുവാനുള്ള പ്രവൃത്തികൾ സംസ്ഥാനമൊട്ടാകെ നടത്തി വരുന്നു.<br><br>വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും, ചപ്പുചവറുകളും, മാലിന്യങ്ങളും, മണ്ണും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി വിവിധ ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ കളക്ടറുടെയും ഡി.ഡി.എം.എ –യുടെയും ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്.<br><br>നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ഭൂജലപോഷണം സാധ്യമാകുന്നു. സംസ്ഥാന ബജറ്റിലെ പ്രവർത്തി നടത്തിപ്പിനായി വിവിധ ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിലും തോടുകളിലും ശുചീകരണ പ്രവർത്തികൾ നടത്തുന്നതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ / തടയണകൾ / റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്താനും ഭൂജലപോഷണം സാധ്യമാക്കാനും ഒരു പരിധിവരെ സാധിക്കും.<br><br>മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ ഡാമുകളിൽ വിവിധ വർഷങ്ങളിലായി KERI, പീച്ചി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മലമ്പുഴ, പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളിൽ Desiltation പ്രവൃത്തി നടപ്പാക്കുന്നതിനു മുന്നോടിയായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനോടനുബന്ധിച്ചുള്ള Soil Investigation നടത്തുന്നതിനായി KERI, പീച്ചിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രളയ ദുരിതങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും നദികളിലെയും ഡാമുകളിലെയും ജലസംഭരണ ശേഷി വർദ്ധിപ്പിച്ച് ഭൂഗർഭജലത്തിന്റെ കുറവ് പരിഹരിക്കുന്നതിനുമായി ഡാമുകളിലും നദികളിലും അടിഞ്ഞ് കൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളായും, ഈ അടുത്ത വർഷങ്ങളിലെ പ്രളയാനന്തരവും ജലസ്രോതസ്സുകളുടെ അടിത്തട്ടിലും, കരകളിലും, എക്കൽ , മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് കൂടി ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും പുഴയിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുകയും പുഴയുടെ |

വാഹകശേഷിയെ ബാധിക്കുകയും അതുവഴി വെള്ളപ്പൊക്ക ഭീഷണി സൃഷ്ടിക്കുന്നു.

ഇത് കണക്കിലെടുത്ത്, കേരളത്തിലെ നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞു കൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ പദ്ധതിയുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട്. നദികളിലെയും കൈ വഴികളിലെയും ഒഴുക്ക് പുന:സ്ഥാപിക്കുകവഴി ഭാവിയിലെ വെള്ളപ്പൊക്ക സാധ്യത ഒരു പരിധിവരെ ലഘൂകരിക്കുവാനുള്ള പ്രവൃത്തികൾ സംസ്ഥാനമൊട്ടാകെ നടത്തി വരുന്നു.

വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും, ചപ്പുചവറുകളും, മാലിന്യങ്ങളും, മണ്ണും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി വിവിധ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ കളക്ടറുടെയും ഡി.ഡി.എം.എ –യുടെയും ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്.

നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ഭൂജലപോഷണം സാധ്യമാകുന്നു. സംസ്ഥാന ബജറ്റിലെ പ്രവർത്തി നടത്തിപ്പിനായി വിവിധ ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിലും തോടുകളിലും ശുചീകരണ പ്രവർത്തികൾ നടത്തുന്നതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ / തടയണകൾ / റെഗുലേറ്ററുകൾ എന്നിവയുടെ സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്താനും ഭൂജലപോഷണം സാധ്യമാക്കാനും ഒരു പരിധിവരെ സാധിക്കും.

| | | | |
|---|---|---|---|
| | | | മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ ഡാമുകളിൽ വിവിധ വർഷങ്ങളിലായി KERI, പീച്ചി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മലമ്പുഴ, പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളിൽ Desiltation പ്രവൃത്തി നടപ്പാക്കുന്നതിനു മുന്നോടിയായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനോടനുബന്ധിച്ചുള്ള Soil Investigation നടത്തുന്നതിനായി KERI, പീച്ചിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നദികളിലെയും ഡാമുകളിലെയും മണൽഖനനം ആരംഭിക്കുന്നതിന് മുമ്പായി ഓരോ പുഴയിലും ഡാമിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ നിക്ഷേപത്തിന്റെ അളവ് പരിശോധിച്ച് മണൽവാരലിനുള്ള സാധ്യതകൾ ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് 2018 കാലയളവിൽ ഉണ്ടായ മഹാപ്രളയാനന്തരം നദികളിൽ വലിയ തോതിൽ ചെളിയും, എക്കലും, പാറയും മറ്റ പാഴ്വസ്തുക്കളും അടിഞ്ഞു കൂടിയത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ, നീക്കം ചെയ്യുന്ന പ്രവൃത്തി 2022 ഫെബ്രുവരിയിൽ ആരംഭിക്കുകയും ഇതിനോടകം സംസ്ഥാനത്തെ 43 നദികളിൽ (കല്ലായി ഒഴികെ) ഏകദേശം 98,35,939.41 m3 ചെളിയും, എക്കലും, പാറയും മറ്റ പാഴ്വസ്തുക്കളും നീക്കം ചെയ്യുകയും, 30 നദികളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ,കേരളത്തിലെ നദികളിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പ്രവർത്തി റവന്യൂവകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്.<br><br>ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡീസിൽറ്റേഷൻ ആരംഭിക്കുന്നതിനു മുമ്പായി ഡാമിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ/മണൽ/മണ്ണ് എന്നിവയുടെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള പരിശോധനകൾ നടത്താറുണ്ട്. വിശദമായ പദ്ധതിരേഖ തയ്യാറാക്കിയ ശേഷം ഡീസിൽറ്റേഷൻ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ മണലിന്റെ അളവ് കൃത്യമായി തിട്ടപ്പെടുത്താനും നീക്കം ചെയ്യാനും സാധിക്കുന്നതാണ്.<br><br>നദികളിലെയും ഡാമുകളിലെയും മണൽ ഖനനവുമായി ബന്ധപ്പെട്ട് പ്രോജക്ട് അധികൃതർ ആവശ്യപ്പെടുന്ന |

| | | | |
|---|---|---|---|
| | | | മുറക്ക് പുഴകളിലും ഡാമുകളിലും അടിഞ്ഞു കൂടിയിട്ടുള്ള മണലിന്റെയും എക്കലിന്റെയും അളവ് ഐ.ഡി.ആർ.ബി കാര്യാലയത്തിനു കീഴിൽ പഠന വിധേയമാക്കി തിട്ടപ്പെടുത്തി നൽകാറുണ്ട് |
| (ഡി) | മണൽക്ഷാമം മൂലം പ്രതിസന്ധിയിലായ നിർമ്മാണ മേഖലയുടെ പുനരുജ്ജീവനത്തിന് ഏറ്റവും സഹായകമായ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതു മായി ബന്ധപ്പെട്ട് ഡാമിൽ അടിഞ്ഞുകൂടിയ എക്കൽ/ മണ്ണ്/മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ